# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 157 | 09.06.2014-ൽ മറുപടിയ്ക്ക്

## ബ്ലേഡ് മാഫിയകൾക്കെതിരെയുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ. ഖാദർ | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ബ്ലേഡ് മാഫിയക്കെതിരെ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) അനധികൃതമായി അമിത പലിശയ്ക്ക് പണം കടം കൊടുത്തുകൊണ്ട് ഉണ്ടായിസത്തിലൂടെയും മറ്റും സമ്മർദ്ദം ചെലുത്തി വസ്തു വകകളും, മുദ്രപത്രങ്ങളും, ബാങ്ക് ചെക്കുകളും ഒപ്പിട്ടു വാങ്ങുകയും അത്തരം മാർഗ്ഗങ്ങളിലൂടെ സ്വത്തു വകകളും മറ്റും കൈവശപ്പെടുത്താൻ ശ്രമിക്കുന്നവർക്കെതിരെ ഓപ്പറേഷൻ കുബേര എന്ന പേരിൽ വീടുകളിലും സ്ഥാപനങ്ങളിലും റെയ്ഡുകൾ നടത്തുകയും, അനധികൃതമായി സൂക്ഷിച്ച പണം ഉൾപ്പെടെയുള്ള രേഖകളും മറ്റും കണ്ടെടുത്ത് കുറ്റക്കാർക്കെതിരെ നിലവിലെ നിയമങ്ങൾക്കനുസൃതമായി കർശനമായ നിയമ നടപടികൾ സ്വീകരിച്ചും വരുന്നു. |
| (ബി) ഇത് സംബന്ധിച്ച് ആകെ എത്ര സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെയാണ് കേസുകൾ എടുത്തിട്ടുള്ളത്; | (ബി) ഇത് സംബന്ധിച്ച് 88 സ്ഥാപനങ്ങൾക്കും, 2131 വ്യക്തികൾക്കുമെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) ബ്ലേഡ് മാഫിയകളിൽ ജനങ്ങൾ അഭയം തേടുന്നതിൽ നിന്നും അവരെ പിന്തിരിപ്പിക്കുന്നതിലേയ്ക്കായി എന്തൊക്കെ ബോധവത്കരണ നടപടികളും പദ്ധതികളുമാണ കൈക്കൊണ്ടിട്ടുള്ളത്. | (സി) ജനമൈത്രി പോലീസിന്റെ സഹായത്തോടെ ബോധവൽക്കരണം നടത്തുകയും, അടിയന്തിര സാമ്പത്തിക സഹായത്തിനായി നിയമപരവും വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും, അയൽക്കൂട്ടങ്ങളെയും, സ്വാശ്രയ സഹകരണ സംഘങ്ങളെയും സമീപിക്കുന്നതിനുള്ള നിർദ്ദേശം നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇതര സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും ന്യായമായ പലിശയ്ക്ക് ഉദാരമായ വ്യവസ്ഥയിൽ വായ്പകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | സാധാരണ ജനങ്ങൾക്ക് അംഗീകൃത ബാങ്കുകളിൽ നിന്നും, സഹകരണ ബാങ്കിൽ/കെ.എസ്.എഫ്.ഇ.യിൽ നിന്നും മിതമായ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ